സുപ്രഭാതം
25 August 2017

# കർഷകരുടെ വരുമാനം കൂട്ടാൻ കർമ പരിപാടിയുമായി സി.എം.എഫ്.ആർ.ഐ

കൊച്ചി: കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കിയുള്ള ഓൺലൈൻ വിപണന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് നിർദേശം. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഏഴിന കർമപരിപാടിയിലാണ് ഈ നിർദ്ദേശം. കർമപരിപാടിയുടെ ജില്ലാതല പ്രഖ്യാപനവും വിശദീകരണവും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടന്നു.

കേന്ദ്രം ആവിഷ്കരിച്ച കാർഷിക വിപണന സംവിധാനമായ ഇനാം പദ്ധതിയിലൂടെ 455 വിപണന കേന്ദ്രങ്ങൾ ബന്ധിപ്പിച്ചിട്ടുണ്ട്. ഏകീകൃത ദേശീയ വിപണിയായ ഇനാം ഉപയോഗിക്കുന്നതിലൂടെ ഇടനിലക്കാരിലൂടെയുള്ള നഷ്ടം ഒഴിവാക്കി കർഷകർക്ക് കൂടുതൽ വില ലഭിക്കുമെന്ന് കർമ്മരേഖയിൽ പറയുന്നു. കാലാവസ്ഥ വ്യതിയാനം, കമ്പോള നിലവാരം, വിളസംരക്ഷണം തുടങ്ങിയവയെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന മൊബൈൽ, ഇന്റർനെറ്റ് സേവനങ്ങൾ കർഷകർ പരമാവധി പ്രയോജനപ്പെടുത്തണമെന്നും കർമ്മരേഖയിൽ നിർദ്ദേശമുണ്ട്.

സി.എം.എഫ്.ആർ.ഐക്ക് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച പരിപാടിയിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ പ്രവീൺ പുത്ര കർമ്മപദ്ധതിയുടെ പ്രഖ്യാപനവും വിശദീകരണവും നിർവഹിച്ചു. പരിപാടി പ്രൊഫ.കെ.വി തോമസ് എം.പി ഉദ്ഘാടനം ചെയ്തു.